ന്നത് തടഞ്ഞുകൊണ്ട് ഹൈക്കോടതി ഉത്തരവ് പുറപ്പെടുവിച്ചു. റവന്യൂ ഡിപ്പാർട്ടുമെന്റിൽനിന്ന് എതിർ സത്യവാങ്മൂലം ഫയൽ ചെയ്യാനും വിവരങ്ങൾ നൽകാനും നടപടി എടുത്തു. അതിനിടയ്ക്ക് ഇന്ത്യൻ ബാങ്ക് ഇതിലുള്ള ചാർജ് ഈടാക്കാനായി, ഏതാണ്ട് അഞ്ചുലക്ഷത്തിലേറെ രൂപ പലിശയടക്കം ഉള്ളതുകൊണ്ട് കോടതിയെ സമീപിക്കുകയും സുപ്രീം കോടതിയിൽ നിന്ന് അവർക്കനുകൂലമായ വിധി ലഭിക്കുകയും ചെയ്തു. ഈ എസ്റ്റേറ്റിൽ നിന്ന് 200 ഹെക്ടർ ഭൂമി 7 ലക്ഷം രൂപയിൽ കവിയാത്ത വിലക്കു വിൽക്കാനാണ് സുപ്രീം കോടതി ഉത്തരവിട്ടത്. അതേസമയം മേൽപ്പറഞ്ഞ 200 ഹെക്ടർ ഭൂമി പ്രൈവറ്റ് ഫോറസ്റ്റ് വെസ്റ്റിംഗ് ആക്ട് പ്രകാരം വനം വകുപ്പിൽ നിക്ഷിപ്തമാണെന്ന് പിന്നീട് കണ്ടു. ഇങ്ങനെ സുപ്രീം കോടതി കേരള ഗവൺമെന്റിന്റെ സ്റ്റാൻഡിംഗ് കൗൺസിലിനു ഇതേ സംബന്ധിച്ച് നിർദ്ദേശങ്ങൾ നൽകുകയും ചെയ്തു. ഇങ്ങനെ ഒരു ഭാഗത്ത് വളരെ കോംപ്ലിക്കേറ്റഡ് ആയ വസ്തുതകളാണ് ഉള്ളത്.

മി. സ്പീക്കർ: ബഹുമാനപ്പെട്ട മന്ത്രിക്ക് അടുത്തദിവസം പ്രസംഗം തുടരാം.

(5) 1985–ലെ കേരള കർഷകത്തൊഴിലാളി (ഭേദഗതി) ബിൽ

ശ്രീ. സി.ടി. കൃഷ്ണൻ: സർ, 1974–ലെ കർഷകത്തൊഴിലാളി നിയമത്തിന് വളരെ പ്രധാനപ്പെട്ട ചില ഭേദഗതികൾ ഇവിടെ ഉന്നയിച്ചുകൊണ്ടാണ് ഞാൻ എന്റെ ഭേദഗതി ബിൽ അവതരിപ്പിക്കുന്നത്.

ഒന്നാമത്തെ ഭേദഗതിയെക്കുറിച്ച് ഞാൻ കഴിഞ്ഞ ദിവസം ഇവിടെ പറഞ്ഞു. അതായത് ആശ്രിതർക്ക് ജോലി കൊടുക്കേണ്ട കാര്യം. തൊഴിലാളികൾ പിരിഞ്ഞുപോകുമ്പോഴും പിരിച്ചുവിടുമ്പോഴും നഷ്ടപരിഹാരം കൊടുക്കണമെന്നുള്ളതാണ് രണ്ടാമത്തെ ഭേദഗതി. നമ്മുടെ സംസ്ഥാനത്താകെ നടന്നുവരുന്ന ഒരു സമ്പ്രദായമാണിത്. മൂന്നാമത്തെ ഭേദഗതി ജോലിയിലിരിക്കേ അപകടങ്ങൾ സംഭവിക്കുകയാണെങ്കിൽ അതിനു നഷ്ടപരിഹാരം കൊടുക്കണമെന്നുള്ളതാണ്. നാലാമത്തെ ഭേദഗതി ഭൂമി മൊത്തമായോ ചില്ലറയായോ വിൽക്കുമ്പോഴോ ഗവൺമെന്റ് പദ്ധതികൾക്കുവേണ്ടി ഒഴിപ്പിക്കപ്പെടുമ്പോഴോ അതിൽ ജോലി ചെയ്തിരുന്ന തൊഴിലാളികൾക്ക് നഷ്ടപരിഹാരം കൊടുക്കണമെന്നുള്ളതാണ്. അഞ്ചാമത്തെ ഭേദഗതി എല്ലാക്കൊല്ലവും ഡിസംബർ 31–ാം തീയതിക്കു മുമ്പ് കർഷകത്തൊഴിലാളികളുടെ രജിസ്റ്റർ പുതുക്കണമെന്നുള്ളതാണ്. മറ്റൊരു ഭേദഗതി ഒരു ഹെക്ടറിന് താഴെ കൃഷിഭൂമിയുള്ളവർക്ക് ഈ നിയമത്തിൽ പറഞ്ഞിരിക്കുന്ന പ്രധാന വകുപ്പുകളൊന്നും ബാധകമല്ല എന്നാണ് പറഞ്ഞിരിക്കുന്നത്. അത് അര ഹെക്ടറിനു താഴെയുള്ളവർക്ക് എന്നാക്കി മാറ്റണമെന്നതാണ്. നമ്മുടെ സംസ്ഥാനത്ത് 23 ലക്ഷത്തോളം വരുന്ന കർഷകത്തൊഴിലാളികൾക്ക് വളരെ ആനുകൂല്യങ്ങൾ ലഭിക്കാവുന്ന വളരെ പ്രധാനപ്പെട്ട ഭേദഗതിയാണ് ഞാൻ ഇവിടെ ഉന്നയിച്ചിട്ടുള്ളത്. ബഹുമാനപ്പെട്ട മന്ത്രിയുടെ ഇരിപ്പ് കണ്ടാൽ ഇത് അംഗീകരിച്ചുതരുമെന്നാണ് തോന്നുന്നത്. കർഷകത്തൊഴിലാളികളുടെ കാര്യമായതുകൊണ്ടും ബഹുമാനപ്പെട്ട മന്ത്രി തൊഴിലാളി യൂണിയൻ പ്രവർത്തകനായതുകൊണ്ടും ഒരു സൻമനസ്സ് കാണിക്കണമെന്നാണ് എനിക്ക് പ്രത്യേകം അഭ്യർത്ഥിക്കാനുള്ളത്. തൊഴിലാളികൾ വയസ്സായിട്ടാണ് പിരിഞ്ഞുപോകുന്നത്. 60–65 വയസ്സിനിടയ്ക്ക് 10,30, 50 വർഷം

LIBRARY ARCHIVES Kerala Legislative Assembly

ഈ ഭൂമിയിൽ പണിയെടുത്തിട്ട് പിരിഞ്ഞുപോകുമ്പോൾ നഷ്ടപരിഹാരം കൊടുക്കാൻ കാർഷികമേഖലയിൽ ഒരു വകുപ്പുമില്ല.

ശ്രീ. എ.കെ. ശശീന്ദ്രൻ: ബഹുമാനപ്പെട്ട മന്ത്രി തൊഴിലാളി പ്രവർത്തകനും തൊഴിലാളികളോട് സ്നേഹമുള്ള ആളും ആയതു കൊണ്ട് ഇത് അംഗീകരിക്കണമെന്ന് ആവശ്യപ്പെട്ടത് ഈ ഗവൺമെൻറ് തൊഴിലാളി വിരുദ്ധമാണെന്നുള്ളതുകൊണ്ടാണോ? ഈ ബിൽ സ്വീകരിക്കാൻ ഗവൺമെൻറിന് കഴിയുമോ?

ശ്രീ. സി.ടി. കൃഷ്ണൻ: ഗവൺമെൻറും മന്ത്രിയും തൊഴിലാളി വിരുദ്ധരാണെന്ന് എനിക്കറിയാം. എങ്കിലും ഞാൻ പറഞ്ഞുവെന്നു മാത്രമേയുള്ളു. അതുകൊണ്ട് പാവപ്പെട്ട കർഷകത്തൊഴിലാളികൾ പിരിഞ്ഞുപോകുമ്പോൾ നഷ്ടപരിഹാരം കൊടുക്കാൻ ഏർപ്പാട് ഉണ്ടാകണം. ഇന്ന് നമ്മുടെ നാട്ടിലെ കൃഷി ഉടമകളും തൊഴിലാളികളും തൊഴിലാളി യൂണിയനുകളും പരസ്പരം സമ്മതിച്ച് സംസാരിച്ച് ആയിരക്കണക്കിന് രൂപ പിരിഞ്ഞുപോകുമ്പോൾ കൊടുക്കാറുണ്ട്. പിരിഞ്ഞുപോകുമ്പോൾ ഇവർക്ക് മാത്രം എന്തിന് ഈ നഷ്ടപരിഹാരം കൊടുക്കാതിരിക്കണം. നമ്മുടെ നാട്ടിലെ മറ്റ് എല്ലാ മേഖലയിലും പണിയെടുക്കുന്ന തൊഴിലാളികൾക്കു ഇത്തരത്തിലുള്ള നഷ്ടപരിഹാരം കൊടുക്കാറുണ്ട്. ബീഡിത്തൊഴിലാളികൾ പിരിഞ്ഞു പോകുമ്പോൾ കോമ്പൻസേഷൻ കൊടുക്കുന്നുണ്ട്, തോട്ടം തൊഴിലാളികൾക്കു കൊടുക്കുന്നുണ്ട്. മറ്റ് എല്ലാ മേഖലകളിലും പണിയെടുക്കുന്ന തൊഴിലാളികൾക്ക് ഇത്തരത്തിലുള്ള നഷ്ടപരിഹാരം കൊടുക്കുന്നുണ്ട്. അതുകൊണ്ട് കർഷകത്തൊഴിലാളികൾക്ക് മാത്രം ഈ നഷ്ടപരിഹാരം കൊടുക്കാതിരിക്കുന്ന നടപടി ശരിയല്ല. പ്രത്യേകിച്ച് നമ്മുടെ സംസ്ഥാനത്താകെ നടപ്പാക്കിക്കൊണ്ടിരിക്കുന്ന ഒരു തീരുമാനം എന്നുള്ള നിലയിൽ ഒരു നടപടിക്രമം എന്നുള്ള നിലയിൽ ഈ നിയമത്തിന് അംഗീകാരം കൊടുക്കുകയെന്നുള്ളത് മാത്രമാണ് ഈ ഭേദഗതികൊണ്ടുദ്ദേശിക്കുന്നത്. അത് തീർച്ചയായും ഇതിൽ ഉൾപ്പെടുത്തേണ്ടതുണ്ട്.

അതുപോലെതന്നെ ജോലിയിലിരിക്കേ അപകട മരണം സംഭവിക്കാറുണ്ട്. കീടനാശിനികൾ അടിക്കുമ്പോൾ പല തൊഴിലാളികളും മരണപ്പെടുന്നു. കൃഷിഭൂമിയിൽ പണിയെടുക്കുമ്പോൾ കിളയ്ക്കുമ്പോഴും കൊയ്ത്തു നടത്തുമ്പോഴും പാമ്പ് കടിക്കാറുണ്ട്. അങ്ങനെ സർപ്പദംശനമേറ്റ് പല തൊഴിലാളികളും ജോലിചെയ്യുന്ന അവസരത്തിൽ മരണപ്പെടാറുണ്ട്. അതുപോലെതന്നെ കൊയ്ത്ത് നടത്തുമ്പോൾ നെൽക്കതിർ കണ്ണിലടിച്ച് കണ്ണ് നഷ്ടപ്പെടാറുണ്ട്. അംഗവൈകല്യം സംഭവിക്കാറുണ്ട്. ഇതുപോലെ ജോലിയിലിരിക്കേ അപകടമരണങ്ങളോ അംഗവൈകല്യങ്ങളോ സംഭവിച്ചാൽ ആ തൊഴിലാളികൾക്ക് നഷ്ടപരിഹാരം കൊടുക്കണം. അതുകൊണ്ട് വർക്ക്മെൻസ് കോമ്പൻസേഷൻ ആക്ട് കർഷകത്തൊഴിലാളി നിയമത്തിൽ ഉൾപ്പെടുത്തിക്കൊണ്ട് വർക്ക്മെൻസ് കോമ്പൻസേഷൻ ആക്ട് കർഷകത്തൊഴിലാളികൾക്കുകൂടി ബാധകമാകത്തക്കവിധത്തിൽ നിയമത്തിൽ ഭേദഗതി ഉണ്ടാകണം.

മി. സ്പീക്കർ: ബഹുമാനപ്പെട്ട മെമ്പർക്ക് അടുത്ത ദിവസം പ്രസംഗം തുടരാം.

LIBRARY ARCHIVES Kerala Legislative Assembly